# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## കരട് രേഖ

**നവംബർ 2021**

**ആലപ്പുഴ ജില്ലയിൽ കൈപ്പലക്കടവ് പാലവും, അപ്രോച്ച് റോഡും നിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ**

**അർത്ഥനാധികാരി**

പൊതുമരാമത്ത് വകുപ്പ്
പാലം വിഭാഗം,
ആലപ്പുഴ

12/11/2021

Chairperson
Social Impact Assessment Unit


സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്

**മിസ്സിസ്. പ്രിൻസി ജേക്കബ്**
**സൗമ്യ നഗർ, ആലിൻച്ചുവട്, ഇടപ്പള്ളി പി.ഒ,**
**കൊച്ചി, 682 024**

# ഉള്ളടക്കം


അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം

അദ്ധ്യായം 2 : പദ്ധതിയുടെ വിശദ വിവരങ്ങൾ

അദ്ധ്യായം 3 : പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

അദ്ധ്യായം 4 : സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

അദ്ധ്യായം 5 : ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുനഃസ്ഥാപന പ്രദേശവും)

അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

അദ്ധ്യായം10 :സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി-മേൽനോട്ടവും മൂല്യനിർണ്ണയവും

അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

# അദ്ധ്യായം 1

## പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ ചെങ്ങന്നൂർ വില്ലേജിലെ മംഗലം, ഇടനാട് എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് വരട്ടാറിന് കുറുകെ പാലം നിർമ്മിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. ഈ പ്രദേശത്തെ ജനങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കുകയാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പ്രദേശത്തിൻെറ ഗതാഗത സൗകര്യങ്ങൾ വർധിക്കുന്നതു മൂലം സമീപത്തുള്ള പട്ടണങ്ങളിലെ തൊഴിൽ സധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ജനങ്ങൾക്ക് ഇത് സഹയകമാകും. കൂടാതെ ഈ പ്രദേശത്തിൻെറ സമഗ്രവികസനത്തിനും പ്രസ്തുത പദ്ധതി പ്രയോജനപ്പെടും.

### 1.2 സ്ഥലം

പദ്ധതി പ്രദേശം ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിലെ ചെങ്ങന്നൂർ വില്ലേജിൽ ഉൾപ്പെടുന്നു.കൂടാതെ പദ്ധതി പ്രദേശം ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ 6,7, 8 വാർഡുകളിൽ സ്ഥിതി ചെയ്യുന്നു.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

നിർദ്ദിഷ്ട പദ്ധതിക്കായി ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ ചെങ്ങന്നൂർ വില്ലേജിൽ ഉൾപ്പെട്ട 58.99 ആർ ഭൂമിയാണ് ആവശ്യമായി വരുന്നത്. റവന്യു വകുപ്പിൻെറ രേഖകൾ പ്രകാരം ആവശ്യമായി വരുന്ന ഭൂമി എല്ലാം ‘‘പുരയിടം’’ വിഭാഗത്തിൽ ഉൾപ്പെടുന്നു.

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

ബാധകമല്ല

### 1.5.സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ പ്രധാന ആഘാതങ്ങൾ താഴെ പറയുന്നു.

❖ പദ്ധതി പ്രദേശത്തെ 13 ഭൂവുടമകളുടെ ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കപ്പെടും.

❖ പാലം നിർമ്മാണത്തിനായി പദ്ധതി പ്രദേശത്ത് നിന്നും 102 വിവിധ ഫലദായക വൃക്ഷങ്ങൾ മുറിച്ചു മാറ്റിയിട്ടുണ്ട്.

### 1.6. ലഘൂകരണ നടപടികൾ

പ്രദേശം സന്ദർശിച്ചതിലൂടെയും, വിവരങ്ങൾ ശേഖരിച്ചതിലൂടെയും, പദ്ധതിയുടെ ആഘാത ബാധിത കുടുംബങ്ങളും തൽപ്പരകക്ഷികളുമായുള്ള അഭിമുഖങ്ങളേയും അടിസ്ഥാനമാക്കി താഴെ പറയുന്ന ദുരീകരണ നടപടികൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം നിർദ്ദേശിക്കുന്നു.

➢ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.

➢ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.

➢ ഭൂമിയുടെ മൂല്യത്തിനു പുറമേ വൃക്ഷങ്ങളുടെ നഷ്ടത്തിനും നഷ്ടപരിഹാരം നൽകുക.

## അദ്ധ്യായം 2

## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിലെ ചെങ്ങന്നൂർ ഇടനാട്, മംഗലം പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് വരട്ടാറിനു കുറുകെ പാലം നിർമ്മിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. ഈ പാലം യാഥാർത്ഥ്യമാകുന്നതോടെ ഈ പ്രദേശത്തെ ജനങ്ങൾക്ക് ദേശീയ പാതയിലേക്കും അടുത്ത പട്ടണങ്ങളിലേക്കും ഏളുപ്പത്തിൽ എത്തിച്ചേരുവാനുള്ള മാർഗ്ഗമാകുന്നതു മൂലം ജനങ്ങളുടെ യാത്രാക്ലേശം കുറക്കുന്നതിന് സഹായകമാകും കൂടാതെ സമീപ പ്രദേശങ്ങളിലെ വികസനത്തിന് കാരണമാവുകയും ചെയ്യുന്നു. ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ 6,7,8 വാർഡുകളിൽ ഉൾപ്പെടുന്ന നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിൻെറ ഗതാഗത സൗകര്യങ്ങൾ വർധിക്കുന്നതുമൂലം സമീപത്തുള്ള പട്ടണങ്ങളിലെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ഈ പദ്ധതി സഹയകമാകും. കൂടാതെ ഈ പ്രദേശവാസികൾക്ക് തൊഴിൽ സാധ്യതകൾ വർദ്ധിക്കുന്നതുമൂലം ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും പ്രദേശത്തിൻെറ സമഗ്രവികസനത്തിനും പ്രസ്തുത പദ്ധതി സഹായിക്കും.

ഈ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് 2020 ൽ പാലം ഉത്ഘാടനം ചെയ്തു. പദ്ധതിബാധിതരുടെ സമ്മതപ്രകാരം പാലത്തിൻെറ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ഭൂമി നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം നൽകിയിട്ടില്ല.

#### 2.1.1 നടപ്പിലാക്കുന്ന ഏജൻസി

#### 2.1.1(a) പൊതുമരാമത്ത് വകുപ്പ് (പി.ഡബ്ല്യു.ഡി)

പി.ഡബ്ല്യു.ഡി ബ്രിഡ്ജസ് ഡിവിഷൻ ആലപ്പുഴ ആണ് പദ്ധതിയുടെ അർത്ഥനാധികാരി. കേരള സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിൻേറയും പരിപാലനത്തിൻേറയും ഉത്തരവാദിത്തം കേരള പൊതുമരാമത്ത് വകുപ്പിനാണ്.

## 2.1.1(b) ഭൂമി ഏറ്റെടുക്കൽ അധികാരി

നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ അധികാരി സ്പെഷ്യൽ തഹസിൽദാർ (എൽ.എ), ആലപ്പുഴ ആണ്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഉത്തരവാദിത്തം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെപദ്ധതിയുടെ യുക്തി

ഇടനാട്, മംഗലം എന്നീ പ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനും ഈ പ്രദേശത്തെ സമഗ്ര വികസനത്തിനും നിർദ്ദിഷ്ട പദ്ധതി സഹായകമാകും. പാലം നിർമ്മാണം പൂർത്തിയായതോടെ അടുത്തുള്ള നഗരങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി പാലത്തിൻെറ ഇരു കരകളിലും ഉള്ള ജനങ്ങൾക്ക് എളുപ്പത്തിൽ എത്തിച്ചേരുവാനുള്ള മാർഗ്ഗമാവുകയും ചെയ്യു

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i)പ്രകാരം പൊതു ആവശ്യം എന്നു പറയുന്നത്, ഇന്ത്യാ ഗവണ്മെൻറിൻെറ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിഞ്ജാപനം നമ്പർ 13/6/2009-INF പ്രകാരമുള്ള പ്രവർത്തനങ്ങളും സാധനങ്ങളുമാണ്. അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിൻെറ പരിധിയിൽ വരുന്നതാണ് വാക്കയിൽ പാലം നിർമ്മാണത്തിനയി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദിഷ്ട പദ്ധതി.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

ചെങ്ങന്നൂർ വില്ലേജിലെ നിർദ്ദിഷ്ട പാലത്തിൻെറ ഇരു കരകളായ മംഗലം, ഇടനാട് എന്നീ പ്രദേശങ്ങളിൽ നിന്നുമായി മൊത്തം 58.99 ആർ ഭൂമി ആണ് ഈ പദ്ധതിക്കുവേണ്ടി എറ്റെടുക്കേണ്ടി വരുന്നത്. നിർദ്ദിഷ്ട പദ്ധതിക്കായി ഭരണാനുമതി ലഭിച്ചിരിക്കുന്നത് 12 കോടിയും സങ്കേതികാനുമതി ലഭിച്ചിരിക്കുന്നത് 9.40 കോടിയും ആണ്.

## 2.4. ഇതര മാർഗ്ഗങ്ങൾപരിശോധിക്കൽ

ബാധകമല്ല

## 2.5. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നിർദ്ദിഷ്ട പദ്ധതിയിൽ പാലവും അനുബന്ധ റോഡും ഉൾപ്പെടുന്നു. നിലവിലെ ഡിസൈനിംങ്ങ് പ്രകാരം പ്രസ്തുത പാലത്തിന് ഒരു സ്പനോടുകൂടി 130 മീറ്റർ നീളവും 7.50 മീറ്റർ ക്യാരേജ് വേയുമാണുള്ളത്. പാലത്തിൻെറ രണ്ടു വശങ്ങളിലായി 1.75 മീറ്റർ വീതിയീൽ നടപ്പാതകളും ഉണ്ട്. നടപ്പാത ഉൾപ്പെടെ പാലത്തിൻെറ മൊത്തം വീതി 11 മീറ്റർ ആണ്.

## 2.6 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

## 2.7 ആവശ്യമായ തൊഴിൽ ശക്തി

തൊഴിൽശക്തി ക്രമീകരിച്ചിരിക്കുന്നത് ആധുനിക യന്ത്ര സാമഗ്രഹികൾ കൊണ്ടും മനുഷ്യശക്തി പ്ലാൻ ചെയ്തിരിക്കുന്നത് വിദഗ്ധർ, അർദ്ധ വിദഗ്ധർ, അവിദഗ്ധർ എന്നീ വിവിധ തലങ്ങളിലായിട്ടാണ്.

## 2.8. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് സാമൂഹ്യ പാരിസ്ഥിതിക പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളൊന്നും നടന്നിട്ടില്ല.

## 2.9. ബാധകമായ നിയമങ്ങളും നയങ്ങളും

ഭൂമി ഏറ്റെടുക്കൽ, പുനഃരധിവാസം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015.

- കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

## അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) 4–ാം വകുപ്പ് 1–ാം ഉപവകുപ്പ്, സമുചിത സർക്കാർ പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുമ്പോഴെല്ലാം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം (എസ്.ഐ.എ) നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം ആലപ്പുഴ ജില്ലയിലെ കൈപ്പാലക്കടവ് പാലവും അപ്രോച്ച് റോഡും നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിന് വേണ്ടിയുള്ള എസ്.ഐ.എ യൂണിറ്റായി പ്രിൻസി ജേക്കബിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. (അവലംബം: 22.07.2021 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം വിജ്ഞാപനം നമ്പർ 2155)

### 3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പ്രത്യേകിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പരിചയമുള്ളവരേയും മതിയായ യോഗ്യത ഉള്ളവരേയും പഠന സംഘത്തിൽ ഉൾപ്പെടുത്തി. അവർക്കു നിശ്ചിത ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും നൽകി. പഠന സംഘത്തിൻെറ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.1.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത, പദവി | പ്രവർത്തനപരിചയം |
|---|---|---|---|
| 1 | പ്രിൻസി ജേക്കബ് | എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ, എസ്.ഐ.എ യൂണിറ്റ് | വികസനമേഖലയിൽ 25 വർഷം. |

| | | | |
|---|---|---|---|
| 2 | ഐജൻ സി.എ | ബി.എ, ബി. എഡ്, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ | വികസനമേഖ ലയിൽ 29 വർഷം. |
| 3 | ഷെൽമി അലക്സ് | ഡാറ്റാ എൻെററി | 5 വർഷത്തെ പ്രവൃത്തി പരിചയം |

**3.2 പഠനത്തിനുപയോഗിച്ച പദ്ധതി ശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവര ശേഖരണം നടത്തിയ രീതിയും**

പഠന സംഘം പദ്ധതി ബാധിത പ്രദേശം സന്ദർശിക്കുകയും റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച രേഖകളിൽ നിന്നും ഭൂമി ഏറ്റെടുക്കൽ കല്ലിൻെറ വിന്യാസത്തിൽ നിന്നുമാണ് പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തയ്യാറാക്കിയത്. വിവര ശേഖരണത്തിൻെറ ഭാഗമായി പദ്ധതി ബാധിത ജനങ്ങളുടെ ഇടയിൽ സാമൂഹ്യ-സാമ്പത്തിക സർവ്വേയും പ്രാദേശിക സ്വയം ഭരണ പ്രതിനിധികളുമായും അഭിമുഖം നടത്തുകയും ചെയ്തു. പദ്ധതി ബാധിത കുടുംബങ്ങളിൽനിന്നും ശേഖരിച്ച ഭൂമി സംബന്ധമായ വിവരങ്ങൾ ചെങ്ങന്നൂർ വില്ലേജിലെ ഭൂരേഖകളുമായി പുനപരിശോധിച്ചു. നിർദ്ദിഷ്ട പദ്ധതിയുടെ വിവരങ്ങൾ പി.ഡബ്ലു.ഡി.ബ്രിഡ്ജസ് ഡിവിഷൻ, ആലപ്പുഴയിൽ നിന്നും ശേഖരിച്ചു. മുകളിൽ പ്രതിപാദിച്ച രീതിയിലൂടെ ശേഖരിച്ച വിവരങ്ങളാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കിയിരിക്കുന്നത്.

**3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി**

പദ്ധതി ഓരോ കുടുംബത്തേയും വ്യത്യസ്ത രീതിയിൽ ബാധിക്കുന്നതിനാൽ സെൻസസ് രീതിയിലുള്ള വിവരശേഖരണമാണ് പഠനത്തിനായി സ്വീകരിച്ചത്. ആയതിനാൽ പദ്ധതി ബാധിതമാകുന്ന മുഴുവൻ കുടുംബങ്ങളേയും വിവരശേഖരണത്തിൽ ഉൾപ്പെടുത്തി. പ്രാദേശിക സ്വയം ഭരണ പ്രതിനിധികളുമായും അഭിമുഖം നടത്തുകയും ചെയ്തു.

**3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം**

പ്രാഥമിക വിവരങ്ങളേയും ദ്വിതീയ വിവരങ്ങളേയും ആശ്രയിച്ചാണ് പഠന സംഘം വിവര ശേഖരണം നടത്തിയത്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരിൽനിന്നും ഭൂവുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക ഉറവിടങ്ങൾ. റവന്യൂ വകുപ്പിൽനിന്നും ലഭിച്ച ഭൂരേഖകളും പി.ഡബ്ല്യു.ഡി ബ്രിഡ്ജസ് ഡിവിഷൻ ആലപ്പുഴയിൽ നിന്നും പദ്ധതിയെ സമ്പന്ധിച്ച് ലഭിച്ച വിവരങ്ങളുമാണ് ദ്വിതീയ ഉറവിടങ്ങൾ.

### 3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**പട്ടിക 3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ**

| തീയതി | പ്രവർത്തനങ്ങൾ |
|---|---|
| 22.07.2021 | ഗസറ്റ് വിഞ്ജാപനം 4(1) |
| 12.10.2021 | സാമുഹ്യ-സാമ്പത്തിക വിവരശേഖരണവും പ്രാദേശിക സ്വയംഭരണ പ്രതിനിധികളുമായി കൂടികാഴ്ച്ചയും |
| 10.10.2021 | ദ്വിതീയ വിവരശേഖരണവും റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച വസ്തുക്കളുടെ വിവരങ്ങളുടെ സ്ഥിരീകരണവും |
| 31.10.2021 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ചുള്ള പത്ര വിജ്ഞാപനം |
| 15.11.2021 | പബ്ലിക് ഹിയറിംഗ് |

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട്, 2013, 5-ാം വകുപ്പ് പ്രകാരം പദ്ധതി ബാധിത പ്രദേശത്ത് ഒരു പൊതു ഹിയറിംഗ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ വ്യവസ്ഥയ്ക്ക് അനുസൃതമായി ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുന:സ്ഥാപന നിയമങ്ങൾ, ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടിയുള്ള കേരള ചട്ടങ്ങൾ 2015, സെക്ഷൻ 14 പ്രകാരം വ്യക്തമാക്കിയ പൊതു ഹിയറിംഗിൻെറ വിശദമായ നടപടിക്രമങ്ങൾക്കനുസൃതമായി, 2021 നവമ്പർ 15 ന് രാവിലെ 11 മണിക്ക് മംഗലം ഹെൽത്ത് സെൻററിൻെറ കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. പബ്ലിക് ഹിയറിംഗ് സംബന്ധിച്ച പത്ര വിജ്ഞാപനം മാധ്യമം, ദീപിക എന്നീ രണ്ട് മലയാള ദിനപത്രങ്ങളിൽ നൽകി.

# അദ്ധ്യായം 4

# സ്ഥലത്തിൻെറമൂല്യനിർണ്ണയം

**4.1.ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം**

ആലപ്പുഴ ജില്ലയുടെ ഏറ്റവും കിഴക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന ഒരു പട്ടണം ആണ് ചെങ്ങന്നൂർ. കോട്ടയം, കൊല്ലം എന്നീ ജില്ലകളുമായി എൻ എച്ച് 220 മുഖേന യോജിപ്പിക്കുന്നു, ചെങ്ങന്നൂർ നഗര സഭയുടെ 6,7,8 വാർഡുകളിൽ ഉൾപ്പെടുന്ന പ്രദേശം ആണ് ഈ പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്, ചെങ്ങന്നൂർ താലൂക്കിലുൾപ്പെടുന്ന ചെങ്ങന്നൂർ വില്ലേജിലെ 58.99 ആർസ് ഭൂമിയാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കുവാൻ സർക്കർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

**4.2 പദ്ധതിയുടെ സ്വാധീനം മൂലം പ്രത്യാഘാത ബാധിതമാകുന്ന മൊത്തം പ്രദേശം**

ഭൂമി ഏറ്റെടുക്കുന്നതിനായി പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന കല്ലുകളുടെ വിന്യാസ പ്രകാരവും, പ്രദേശത്തുനിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരവും 13 കുടുംബങ്ങളുടെയും കെ പി. എം എസ് എന്ന സംഘടനയുടെ ഉടമസ്ഥതയിലുള്ള ഭൂമിയും ആണ് പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്.

**4.3 പദ്ധതിയ്ക്കാവശ്യമായമൊത്തം ഭൂമി**

ചെങ്ങന്നൂർ വില്ലേജിലെ 58.99 ആർ ഭൂമി ആണ് നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി എറ്റെടുക്കേണ്ടി വരുന്നത്.

**4.4.പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഇല്ല.

**4.5.പദ്ധതിക്കായി വില കൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതിയ്ക്കുവേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പാട്ടത്തിത്തിനെടുക്കുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

പദ്ധതിക്കായി നിർദ്ദേശിച്ചിരിക്കുന്ന എല്ലാ ഭൂമിയും "പുരയിടം" വിഭാഗത്തിൽ ഉൾപ്പെടുന്നു.

**4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ളവിവരണം**

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ തെങ്ങ്, കുരുമുളക്,വാഴ, പ്ലാവ്, മാവ് എന്നിവ കൃഷി ചെയ്തിരുന്നു.

**4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങളും, ഭൂരേഖകളും ആഘാതബാധിതരിൽ നിന്നും ലഭിച്ച വിവരങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് എറ്റെടുക്കനുദ്ദേശിക്കുന്ന ആകെ 28 സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന ഭൂമിയിൽ 20 എണ്ണം സ്വകാര്യഭൂമി ആണ്. 7 എണ്ണം പുറമ്പോക്ക് ഭൂമിയും ഒരെണ്ണം പൊതുവഴിയും ആണ്. 7 കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് താമസിക്കുന്നുണ്ട്.

പട്ടിക 4.1 **കൈവശഭൂമിയുടെ അളവും ഉടമസ്ഥതയുടെ രീതിയും**

| ക്രമ നമ്പർ | സർവ്വേ നമ്പർ | ഉടമസ്ഥത | കൈവശഭൂമിയുടെ അളവും |
|---|---|---|---|
| 1 | 102/7 | സ്വകാര്യം | |
| 2 | 102/8 | സ്വകാര്യം | |
| 3 | 102/10 | വിവരം ലഭ്യമായിട്ടില്ല | |

| | | | |
|---|---|---|---|
| 4 | 102/11 | സ്വകാര്യം | |
| 5 | 102/12 | പുറമ്പോക്ക് വഴി | |
| 6 | 102/15 | വിവരം ലഭ്യമായിട്ടില്ല | |
| 7 | 102/17 | സ്വകാര്യം | |
| 8 | 102/31 | സ്വകാര്യം | |
| 9 | 104/19 | സ്വകാര്യം | |
| 10 | 104/22 | സ്വകാര്യം | |
| 11 | 104/23 | സ്വകാര്യം | |
| 12 | 104/8 | പുറമ്പോക്ക് | |
| 13 | 104/9 | സ്വകാര്യം | |
| 14 | 104/10 | വിവരം ലഭ്യമായിട്ടില്ല | |
| 15 | 104/11 | പുറമ്പോക്ക് | |
| 16 | 104/18 | സ്വകാര്യം | |
| 17 | 104/21 | വിവരം ലഭ്യമായിട്ടില്ല | |
| 18 | 114/1 | പൊതുവഴി | |
| 19 | 114/5 | പുറമ്പോക്ക് | |
| 20 | 114/6 | സ്വകാര്യം | |
| 21 | 114/7 | പുറമ്പോക്ക് | |
| 22 | 178/1 | സ്വകാര്യം | |
| 23 | 178/2 | സ്വകാര്യം | |
| 24 | 180/1 | വിവരം ലഭ്യമായിട്ടില്ല | |
| 25 | 180/4 | പുറമ്പോക്ക് | |
| | 180/5 1 | സ്വകാര്യം | |
| 26 | 180/5 2 | സ്വകാര്യം | |
| 27 | 184/3 | സ്വകാര്യം | |
| 28 | 184/4 | വിവരം ലഭ്യമായിട്ടില്ല | |
| | ആകെ | | 58 ആർസ് 99 സ്ക്വ.മീറ്റർ |

**(അവലംബം : 22.07.2021 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം, വാല്യം 10, വിജ്ഞാപനം നമ്പർ 2155)**

**4.9 കഴിഞ്ഞ 3 വർഷക്കാലത്തെഭൂമിക്കൈമാറ്റവും, വിലയും, ഉപയോഗവും**

വിവരദാതാക്കളിൽ നിന്നു ലഭിച്ചവിവരപ്രകാരം മൂന്നു വർഷത്തിനിടയിൽ വസ്തുക്കളുടെ ഉടമസ്ഥാവകാശ കൈമാറ്റം നടന്നിട്ടില്ല.

## അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പ്രസ്തുത പദ്ധതി മൂലം പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

### 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

### 5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

കൈപ്പാലക്കടവ് പാലം നിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരാകുന്നത് ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ വില്ലേജിലെ മംഗലം, ഇടനാട് എന്നീ പ്രദേശങ്ങളിലെ 13 കുടുംബങ്ങളും കെ പി എം.എസ് എന്ന സമുദായ സംഘടനയും ആണ്. ഈ ഭൂവുടമകളുടെ വിശദാംശങ്ങൾ താഴെയുള്ള പട്ടിക കാണുക. ഗസറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചില സർവ്വേ നമ്പറുകളിലെ ഉടമസ്ഥരെ കണ്ടെത്താനായിട്ടില്ല.

**പട്ടിക 5.1 ഭൂവുടമകളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | സർവ്വേ നമ്പർ | ഭൂവുടമകളുടെ പേര് |
|---|---|---|
| 1 | 102/7 | രാജശേഖരൻ നയർ |
| 2 | 102/8 | സന്തോഷ്കുമാർ |
| 3 | 102/10 | വിവരം ലഭ്യമായിട്ടില്ല |
| 4 | 102/11 | ലീല |
| 5 | 102/12 | പുറമ്പോക്ക് വഴി |
| 6 | 102/15 | വിവരം ലഭ്യമായിട്ടില്ല |
| 7 | 102/17 | എം.കെ.രത്നമ്മ |
| 8 | 102/31 | വിജയമ്മ |
| 9 | 104/19 | വിജയമ്മ |

| | | |
|---|---|---|
| 10 | 104/22 | രവീന്ദ്രൻ നായർ, നാൽപാറയിൽ വീട്ടിൽ |
| 11 | 104/23 | വിജയമ്മ |
| 12 | 104/8 | പുറമ്പോക്ക് |
| 13 | 104/9 | ചെല്ലപ്പൻ നായർ |
| 14 | 104/10 | വിവരം ലഭ്യമായിട്ടില്ല |
| 15 | 104/11 | പുറമ്പോക്ക് |
| 16 | 104/18 | രവീന്ദ്രൻ നായർ |
| 17 | 104/21 | വിവരം ലഭ്യമായിട്ടില്ല |
| 18 | 114/1 | പൊതുവഴി |
| 19 | 114/5 | പുറമ്പോക്ക് |
| 20 | 114/6 | കെ പി. എം.എസ് |
| 21 | 114/7 | പുറമ്പോക്ക് |
| 22 | 178/1 | ഗോപാലൻ, പാറയിൽ വീട്ടിൽ |
| 23 | 178/2 | ഗോപാലൻ, പാറയിൽ വീട്ടിൽ |
| 24 | 180/1 | വിവരം ലഭ്യമായിട്ടില്ല |
| 25 | 180/4 | പുറമ്പോക്ക് |
| | 180/5 1 | ജി രാജേന്ദ്രപ്രസാദ് |
| 26 | 180/5 2 | ജി.പ്രതാപ്കുമാർ, ഗോവിന്ദമംഗലം |
| 27 | 184/3 | കോരുത് |
| 28 | 184/4 | വിവരം ലഭ്യമായിട്ടില്ല |

### 5.1.2 പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം:

ആഘാതബാധിതരാകുന്ന 12 കുടുംബങ്ങ കുടുംബങ്ങൾ ഹിന്ദു മതത്തിലും ഒരു കുടുംബം ക്രിസ്തു മതത്തിലും ഉള്ളവരാണ്.

## 5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

പദ്ധതി പ്രദേശത്ത് പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തിയിട്ടില്ല.

**5.3. പൊതു വിഭവങ്ങൾ ആഘാത ബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ഇല്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ഇല്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഇല്ല

**5.6. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ഇല്ല

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

ഇല്ല

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

ചെങ്ങന്നൂർ വില്ലേജിൽ ഉൾപ്പെട്ട 28 വസ്തുവകകളെ ഭൂമി ഏറ്റെടുക്കൽ ബാധിക്കും. കൂടാതെ തെങ്ങ്, തേക്ക്, പ്ലാവ്, ആഞ്ഞിലി, കുരുമുളക്, പാലമരം, മാവ്, ജാതി, പുളി, മഹഗണി, കമുക് വാഴ, ആൽമരം, എന്നീ 102 വൃക്ഷങ്ങളും പദ്ധതിക്കായി മുറിച്ചു മാറ്റേണ്ടി വന്നിട്ടുണ്ട്.

**പട്ടിക 5.2. ഫലദായക വൃക്ഷങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ**

| ക്രമ നമ്പർ. | വൃക്ഷങ്ങളുടെ പേര് | എണ്ണം (ഏകദേശം) |
|---|---|---|
| 1 | തെങ്ങ് | 30 |
| 2 | പരുത്തി | 7 |

| | | |
|---|---|---|
| **3** | **പുളി** | **1** |
| **4** | പ്ലാവ്, | **8** |
| **5** | **മഹാഗണി** | **11** |
| **6** | ആഞ്ഞിലി | **5** |
| **7** | മാവ് | **1** |
| **8** | തേക്ക് | **10** |
| **9** | ജാതിമരം | **1** |
| **10** | കമുക് | **13** |
| **11** | വാഴ | **10** |
| **12** | പാല മരം | **1** |

## അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതി ബാധിതമാകുന്ന 13 കുടുംബങ്ങളിൽ ഉൾപ്പെട്ട 48 വ്യക്തികളെ എസ്.ഐ.എ സംഘം കണ്ടെത്തി. 25 പുരുഷന്മാരും 23 സ്ത്രീകളും അടങ്ങുന്നതാണ് പദ്ധതി ബാധിതമാകുന്ന ജനസംഖ്യ. പദ്ധതി ബാധിതമാകുന കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ താഴെ വിശകലനം ചെയ്യുന്നു.

**പട്ടിക 6.1 പദ്ധതി ബാധിത ജനങ്ങളുടെ പ്രായം തിരിച്ചുള്ള വിതരണം**

| പ്രായം | വ്യക്തികളുടെ എണ്ണം |
|---|---|
| 0 – 5 വയസ്സ് | 3 |
| 6 – 18 വയസ്സ് | 5 |
| 19– 35 വയസ്സ് | 12 |
| 36 – 49 വയസ്സ് | 6 |
| 50 – 60 വയസ്സ് | 8 |
| 60 വയസ്സിനു മുകളിൽ | 14 |
| **ആകെ** | **48** |

**പട്ടിക 6.2. പദ്ധതി ബാധിത വ്യക്തികളുടെ വിദ്യാഭ്യാസ നിലവാരം**

| വിദ്യാഭ്യാസം | എണ്ണം |
|---|---|
| 1–4 ക്ലാസ്സ് | 8 |
| 5–7 ക്ലാസ്സ് | 12 |
| 8–10 ക്ലാസ്സ് | 12 |
| പ്ലസ് ടു | 9 |

| | |
|---|---|
| ബിരുദം | 4 |
| പ്രൊഫെഷണൽ | 1 |
| ടെക്നിക്കൽ | 2 |
| **ആകെ** | **48** |

### 6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

പദ്ധതി ബാധിതമാകുന്ന ഏഴ് കുടുംബങ്ങളൂടെ മാസ വരുമാനം 5000 രൂപക്ക് താഴെയും 5001 രൂപക്കും 10000 രൂപക്കും ഇടയിൽ മാസ വരുമാനമുള്ള രണ്ട് കുടുംബങ്ങളും ഒരു കുടുംബത്തിന്റെ മാസ വരുമാനം 40000 രൂപക്ക് മുകളിലുമാണ്. പൊതു വിതരണ സംവിധാനമനുസരിച്ചുള്ള തരംതിരിവിന്റെ അടിസ്ഥാനത്തിൽ ആഘാത ബാധിത കുടുംബങ്ങൾക്ക് ലഭ്യമായിരിക്കുന്ന റേഷൻ കാർഡിന്റെ നിറം ഏതാണെന്ന് വിവരിക്കുന്നു. 2 കുടുംബങ്ങൾക്ക് പിങ്കും ഒരു കുടുംബത്തിന് വെള്ളയും 10 കുടുംബ്ങ്ങൾക്ക് നീലയും നിറത്തിലുള്ള റേഷൻ കാർഡ് ആണ് ലഭ്യമായിരിക്കുന്നത്. പിങ്ക് കളർ റേഷൻ കാർഡ് ലഭ്യമായിരിക്കുന്ന 2 കുടുംബങ്ങൾ സാമൂഹിക-സാമ്പത്തിക വിഭാഗത്തിൽ ഏറ്റവും താഴെ ഉള്ളവരാണ്

### 6.3 ദുർബ്ബലജനവിഭാഗം

18 വയസ്സിന്ന് താഴെയുള്ള കുട്ടികളും 60 വസിനു മുകളിലുള്ള വൃദ്ധരും ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെടുന്നു. 18 വയസിനു താഴെയുള്ള 8 കുട്ടികളും 14 പേർ 60 വയസ്സിനു മുകളിൽ ഉള്ളവരുമാണ്.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

ഏഴ് കുടുംബങ്ങൾ താമസ്ത്തിനും കൃഷിക്കും ഭൂമി ഉപയോഗിക്കുന്നു. 4 വസ്തുക്കൾ കൃഷിക്കായി ഉപയോഗിക്കുന്നു. ഈ ഭൂമിയിലെ കൃഷിയിൽ നിന്നും ലഭിക്കുന്ന വരുമാനം പദ്ധതി ബാധിത കുടുംബങ്ങളുടെ വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ്. ഒരു ഭൂമി മതപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

**പട്ടിക 6.3**

**ഭൂമിയുടെ ഉപയോഗം**

| ഉപയോഗത്തിൻെറ തരം | വസ്തുക്കളുടെ എണ്ണം |
|---|---|
| കൃഷി | 4 |
| താമസ്ത്തിനും കൃഷിക്കും | 7 |
| മതപരമയ ഉപയോഗം | 1 |
| വഴി | 2 |
| പുറമ്പോക്ക് ഭൂമി | 5 |

**6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ**

കൃഷിയെ ആശ്രയിച്ചാണ് ഈ പ്രദേശത്തെ ജനങ്ങളുടെ മുഖ്യ സാമ്പത്തിക പ്രവർത്തനങ്ങൾ.

**6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ**

നിർദ്ദിഷ്ട പ്രദേശത്തെ ജനങ്ങൾ കൃഷിയിലും മറ്റ് ലഭ്യമായ ജോലികളിലും ഏർപ്പെട്ടിരിക്കുന്നു. ചിലർ വിദേശത്ത് ജോലി ചെയ്യുന്നു.

**6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

പദ്ധതി ബാധിത കുടുംബങ്ങളിൽ 6 കുടുംബങ്ങൾ അണുകുടുംബങ്ങളും 7 കുടുംബങ്ങൾ കൂട്ടുകുടുംബങ്ങളുമാണ്. പദ്ധതി പ്രദേശത്ത് സാമൂഹിക സാംസ്കാരിക സംഘടനകൾ പ്രവർത്തിക്കുന്നില്ല

**6.8 ഭരണ സംഘടനകൾ**

ഭരണ സംഘടനകളൊന്നും പദ്ധതി പ്രദേശത്തില്ല. പദ്ധതി പ്രദേശം ചെങ്ങന്നൂർ മുനിസിപ്പലിറ്റിയിൽ ഉൾപ്പെടുന്നു.

### 6.9 രാഷ്ട്രീയ സംഘടനകൾ

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം രാഷ്ട്രീയ സംഘടനകളൊന്നും ആഘാത ബാധിതമാകുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

കുടുംബശ്രീ കൂട്ടായ്മ അല്ലാതെ മറ്റ് സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകളൊന്നും പദ്ധതി പ്രദേശത്തില്ല.

### 6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമ പ്രക്രിയ

നിർദ്ദിഷ്ട പ്രദേശത്തെ ജനങ്ങൾ മുൻകാലങ്ങളിൽ കൃഷിയിലായിരുന്നു മുഖ്യമായും ഏർപ്പെട്ടിരുന്നത്.

### 6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതി പ്രദേശത്തെ ജനങ്ങൾ സാമാന്യം ഭേദപ്പെട്ട രീതിയിൽ ജീവിക്കുന്നവരണ്. പദ്ധതി ബാധിത പ്രദേശത്തെ ഭൂവുടമകളിൽ ചിലർ ഈ പ്രദേശത്തല്ല താമസിക്കുന്നത്. കൈപ്പാലക്കടവ് പാലം നിർമ്മാണം പൂർത്തിയായതോടെ ഈ പ്രദേശത്തെ ജനങ്ങളുടെ യാത്രാ സൗകര്യം വർധിക്കുകയും ആരോഗ്യം, വിദ്യഭ്യാസം,തൊഴിൽ എന്നീ ആവശ്യങ്ങൾക്ക് മെച്ചപ്പെട്ട രീതിയിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുവാൻ സഹായകമായിട്ടുണ്ട്

## അദ്ധ്യായം 7

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സാമുഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും നിർബന്ധമാണ്. അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ തിരിച്ചറിയുകയും പദ്ധതിയുടെ സാമൂഹ്യ നേട്ടങ്ങൾ വർദ്ധിപ്പിക്കുക, സാമൂഹ്യ പ്രത്യാഘാത വിപരീതഫലങ്ങൾ ലഘൂകരരിക്കുന്നതിനുള്ള നടപടികൾ മുൻപോട്ട് വയ്ക്കുക എന്നിവയാണ് എസ്.ഐ.എ. യുടെ ലക്ഷ്യങ്ങൾ. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനറിപ്പോർട്ടും സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിൻെറയും ഭാഗമായി പഠന സംഘം പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും ഭൂവുടമകളിൽ നിന്നും പദ്ധതി പ്രദേശത്തെ വാർഡ് പ്രതിനിധികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. ഇവ ആഘാതം ദുരീകരിക്കുന്നതിനുള്ള അനുയോജ്യമായ നടപടികൾ കണ്ടെത്തുന്നതിന് സഹായകമായി.

### 7.2ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടുമായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽനൽകുകയും ചെയ്യുക.
- പദ്ധതിക്കായി ഫലവൃക്ഷങ്ങൾ മുറിച്ച് മാറ്റിയ കുടുംബങ്ങൾക്ക് അതിനുള്ള നഷ്ട പരിഹാരം നൽകുക

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.

**7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതി രേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

നഷ്ട പരിഹാരത്തിനായി വകയിരുത്തിയിരിക്കുന്ന തുക എത്രയെന്ന് അർത്ഥ നാധികാരിയിൽ നിന്നും ലഭ്യമായിട്ടില്ല.

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ബാധകമല്ല

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017ന് പുറപ്പെടുവിച്ച വിഞ്ജാപനം G.O (Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി

പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിക്കുകയും ചെയ്യുക.

**പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

| ക്രമ നമ്പർ | പ്രത്യാഘാതം | പ്രത്യാഘാതനിയന്ത്രണം | സമയക്രമം |
|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | നഷ്ടപരിഹാരം (RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരം) | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം. |
| 2 | ഭൂമിയോട് ചേർന്നുള്ള നിർമ്മിതികളുടെ നഷ്ടമാകൽ | നഷ്ടപരിഹാരം (RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരം) | |
| 3 | പദ്ധതിക്കായി ഫല വൃ ക്ഷങ്ങൾ മുറിച്ച് മാറ്റൽ | നഷ്ടപരിഹാരം (RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരം) | |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ഇല്ല.

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

## 8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരളത്തിലെ RFCTLARR ചട്ടങ്ങൾ, 2015, ഗവണ്മെൻറ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവ സ്ഥാപന ഘടനകളേയും ലഘൂകരണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള പ്രധാന വ്യക്തിയേയും വിഭാവനം ചെയ്യുന്നു.

ഭൂമി ഏറ്റെടുക്കപ്പെടുന്ന ദുരിത ബാധിതരായ കുടുംബങ്ങൾക്ക് പുനരധിവാസ-പുന:സ്ഥാപന പദ്ധതിയും തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്ററാണെന്ന് RFCTLARR ആക്റ്റ്, 2013 നിർവ്വചിക്കുന്നു. പുനരധിവാസ-പുനസ്ഥാപന പദ്ധതിയുടെ രൂപീകരണം, നിർവ്വഹണം, നിരീക്ഷണം എന്നിവ ഉചിതമായ സർക്കാരിൻെറയും പുനരധിവാസ കമ്മീഷണറുടേയും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കും. വരട്ടാറിന് കുറുകെയുള്ള കൈപ്പാലക്കടവ് പാലത്തിൻെറ നിർമ്മാണ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കലിനായി നിയോഗിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ ആലപ്പുഴ ജില്ലയുടെ ഡെപ്യൂട്ടി കളക്ടർ (എൽ.എ, ജനറൽ) ആണ്.

പുനരധിവാസ, പുന:സ്ഥാപന പദ്ധതികളുടെ മേൽനോട്ടത്തിനും, വിലയിരുത്തലിനുമായി പദ്ധതി തലത്തിൽ ഒരു പുനരധിവാസ, പുന:സ്ഥാപന കമ്മിറ്റിയുടെ രൂപീകരണത്തിന് RFCTLARR ആക്ട്, 2013 ൻെറ 45-ാം വകുപ്പും, കേരളത്തിലെ RFCTLARR ചട്ടങ്ങൾ, 2015 ലെ ചട്ടം 23 ഉം ശുപാർശ ചെയ്യുന്നു.

23/09/2015 ന് പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നമ്പർ.485/2015ആർഡി പ്രകാരമുള്ള കേരള സംസ്ഥാന നയം അനുസരിച്ച് ഭൂമി ഏറ്റെടുക്കലിന്റെ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി ജില്ലാ തലത്തിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ കമ്മിറ്റിക്കാണ് പുനരധിവാസ–പുന:സ്ഥാപന പ്രവർത്തനങ്ങളുടെ നിരീക്ഷണ ഉത്തരവാദിത്വം:

- ജില്ലാ കളക്ടർ
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അധികാരി
- ഭൂമി ഏറ്റെടുക്കൽ അധികാരി
- ധനകാര്യ ഓഫീസർ
- ധനകാര്യ തീരുമാനങ്ങളെടുക്കുന്നതിനുള്ള അർത്ഥനാധികാരിയുടെ പ്രതിനിധി
- പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങളിലെ പ്രതിനിധികൾ

**8.2. ഗവർണ്മെന്േതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

ഓരോ പ്രവർത്തനവും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം അനുസരിച്ചായിരിക്കും.

## അദ്ധ്യായം 9

## സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റുംസാമ്പത്തിക നടപടികളും

### 9.1. പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

നിർദ്ദിഷ്ട പദ്ധതിക്കായി ഭരണാനുമതി ലഭിച്ചിരിക്കുന്നത് 12 കോടിയും സങ്കേതികാനുമതി ലഭിച്ചിരിക്കുന്നത് 9.40 കോടിയും ആണ്.

### 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

നിർദ്ദിഷ്ട ഭൂമി എറ്റെടുക്കലിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്ന അഡ്മിനിസ്ട്രേറ്ററാണ് വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും തയ്യാറാക്കേണ്ടത്

### 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

കേരള സർക്കാരിൻെറ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## അദ്ധ്യായം 10

## സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

### 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

നിലവിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രധാന സൂചികകൾ താഴെ പറയുന്നു:

- പുനരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും എടുക്കുന്ന സമയം.
- പദ്ധതി ആഘാത കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക സമയാധിഷ്ടിതമായി നൽകൽ
- സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ.

### 10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും നടപ്പിലാക്കുന്നത്.

### 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

സ്വതന്ത്രമായ ഒരു വിലയിരുത്തലും വിഭാവനം ചെയ്യുന്നില്ല. RFCTLARR Act, 2013 പ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥർ പ്രക്രിയ വിലയിരുത്തും.

## അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം.**

ആലപ്പുഴ ജില്ലയിലെ മംഗലം, ഇടനാട് എന്നീ പ്രദേശങ്ങളെ യോജിപ്പിച്ച് കൊണ്ട് വറട്ടാറിനു കുറുകെ കൈപ്പാലക്കടവ് പാലവും അപ്രോച്ച് റോഡും നിർമ്മിക്കുകയാണ് നിർദ്ദിഷ്ട പദ്ധതി. ഈ പ്രദേശത്തെ ജനങ്ങളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുകയും യാത്ര എളുപ്പത്തിലിലാക്കുകയും ആണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗ്രാമീണ അല്ലെങ്കിൽ നഗര പ്രദേശങ്ങളുടെ വികസനത്തിന് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ഒരു പ്രധാന ഘടകമാണ്. പ്രധാന ഭൂപ്രദേശത്തേക്ക് ബന്ധിപ്പിക്കുന്നതുവഴി ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ ഇത് സഹായകമാകും. പദ്ധതിയുടെ ഗുണങ്ങൾ വലിയ പ്രദേശത്തേക്കും ധാരാളം ജനങ്ങളിലേക്കും എത്തിച്ചേരും.

കൈപ്പാലക്കടവ് പാലം നിമ്മാണം ഭൂമിഎറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം 2013 വകുപ്പ് 2(b)(i) പ്രകാരം ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

നിർദ്ദിഷ്ട പദ്ധതി 13 കുടുംബങ്ങളേയും ഒരു സമുദായത്തിൻെറ ഉടമസ്ഥതയിലുള്ള ഭൂമിയേയേയും പ്രത്യക്ഷമായി ബാധിക്കുന്നു. നിർദ്ദിഷ്ട പദ്ധതിക്കായി 58.99 ആർസ് ഭൂമിയാണ് ഏറ്റെടുക്കുന്നതിനായി ആവശ്യമായി വരുന്നത്. 28 വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട വസ്തുവകകളെ ഭൂമി ഏറ്റെടുക്കൽ മൊത്തമായോ ഭാഗികമായോ ബാധിക്കും.

സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ കൈക്കൊള്ളുകയാണെങ്കിൽ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ കുറയ്ക്കുവാൻ കഴിയും.

**താഴെ വിവരിക്കുന്ന ശുപാർശകൾ പദ്ധതിയുടെ ആഘാതം ദുരീകരിക്കുന്നതിന് പഠന സംഘം നിർദ്ദേശിക്കുന്നു.**

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവൺമെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടുമായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽനൽകുകയും ചെയ്യുക.
- പദ്ധതിക്കായി ഫലവൃക്ഷങ്ങൾ മുറിച്ച് മാറ്റിയ കുടുംബങ്ങൾക്ക് അതിനുള്ള നഷ്ട പരിഹാരം നൽകുക.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

മുകളിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിലും പദ്ധതിയുടെ ഗുണങ്ങളും ദോഷങ്ങളും തുലനം ചെയ്തതിനുശേഷവും ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ദുരീകരണ നടപടികൾ യഥാവിധം നടപ്പിലാക്കിയാൽ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ ഇതിന്റെ പ്രതികൂല പ്രത്യാഘാതങ്ങളേക്കാൾ കൂടുതലായിരിക്കുമെന്ന നിഗമനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഏകകണ്ഠമായി എത്തിച്ചേരുന്നു. ആയതിനാൽ നിലവിലെ പദ്ധതി അനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുവാൻ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ശുപാർശ ചെയ്യുന്നു.

12/11/2021

Chairperson
Social Impact Assessment Unit